**മുഖ്യനഗരാസൂത്രകന്റെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്- മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം - തിരുവനന്തപുരം - സാങ്കേതികവിഭാഗം - കൊല്ലം ജില്ല - കൊല്ലം നഗരസഭ- ഇരവിപുരം വില്ലേജ് -വിദ്യാഭ്യാസ കെട്ടിടനിർമ്മാണം കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:-(1) കൊല്ലം ടൗൺ പ്ലാനറുടെ 13/01/2021 ലെ TCPKLM/439/2020-C, 12/03/2021 ലെ TCPKLM/106/2021-C നമ്പർ കത്തുകൾ.
(2) ശ്രീ. വി. രാമചന്ദ്രൻ നായർ, മന്നം മെമ്മോറിയൽ ചാരിറ്റബിൾ സൊസൈറ്റി, തെക്കേവിള, കൊല്ലം എന്നവരുടെ 07/12/2020, 05/01/2021 എന്നീ തീയതികളിലെ അപേക്ഷ.

---

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. **TCPCTP/170/2021-C3** തീയതി:**23/07/2021**

---

കൊല്ലം ജില്ലയിലെ കൊല്ലം നഗരസഭ പരിധിയിലുള്ള ഇരവിപുരം വില്ലേജിൽ റീസർവ്വേ നമ്പർ 387/6, 387/7, 389/11/2, 389/10, 387/18, 387/11, 389/14/2, 387/13/2, 387/10, 387/12/2, 387/5, 387/1, 386/19, 386/10, 387/9, 387/8, 387/4, 381/14/2, 387/3, 386/15, 386/11, 381/15/2, 386/17, 386/21, 386/22, 386/18/2, 386/12, 386/19, 386/13, 386/20, 386/14, 386/16, 386/8 -ൽ ഉൾപ്പെട്ട 88.03 ആർ സ്ഥലത്ത് നിലവിലുള്ള വിദ്യാഭ്യാസ കെട്ടിടത്തോട് കൂട്ടിച്ചേർത്തും പുതുതായി നിർമ്മിച്ച നിർമ്മാണങ്ങളും ഉൾപ്പെടെ അകെ 5781.36 ച.മീ വിസ്തൃതിയുള്ള വിദ്യാഭ്യാസ സ്ഥാപനം ക്രമവത്കരിക്കുന്നതിലേക്കായി സമർപ്പിച്ച അപേക്ഷയിലെ സ്ഥലം പബ്ലിഷ്ഡ് ഗ്രേറ്റർ കൊല്ലം ഡെവലപ്മെൻറ് പ്ലാൻ പ്രകാരം റെസിഡൻഷ്യൽ സോണിൽ ഉൾപ്പെടുന്നതിനാൽ, സ്ഥാപനത്തിന് കൺകറൻസ് അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ .രവീന്ദ്രനാഥൻ നായർ, ശ്രീ. രാമചന്ദ്രൻ നായർ, മന്നം മെമ്മോറിയൽ ചാരിറ്റബിൾ സൊസൈറ്റി, തെക്കേവിള, കൊല്ലം എന്നവരുടെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.എം.ബി.ആർ. 2019 -നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി പബ്ലിഷ്ഡ് ഗ്രേറ്റർ കൊല്ലം ഡെവലപ്മെൻറ് പ്ലാൻ പ്രകാരമുള്ള കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

നിബന്ധനകൾ

1. നിർദ്ദിഷ്ട നിർമ്മാണം കെ .എം.ബി.ആർ 2019-നും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.
2. കെ.എം.ബി.ആർ 2019-ലെ ചട്ടം 9 (2) പ്രകാരം നിർമ്മാണ സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ , സർവ്വേ നമ്പർ , വിസ്തൃതി, അളവുകൾ, അതിരുകൾ, ഉടമസ്ഥാവകാശം, നിർമ്മാണാവകാശം എന്നിവ സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ

46197

പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. കൂടാതെ ടി പ്ലോട്ടിൽ പുറമ്പോക്ക് ഭൂമി ഉൾപ്പെട്ടിട്ടില്ലായെന്ന് ഉറപ്പ് വരുത്തണം.

3. ടി കെട്ടിടത്തിന്റെ നിർമ്മാണവും പ്രവർത്തനവും മൂലം പരിസരവാസികളുടെ സ്വര്യ ജീവിതത്തിന് തടസ്സമാവില്ലെന്നും പ്രത്യേകിച്ചും ശബ്ദത്തിന്റെ തോത് ജനവാസ മേഖലയ്ക്ക് അനുവദീയമായ പരിധിക്കുള്ളിലാണെന്ന് ഉറപ്പ് വരുത്തണം.
4. പ്ലോട്ടതിർത്തിൽ നിന്നും 40 മീറ്റർ അകലെയായി കാണുന്ന ഗ്യാസ് ഗോഡൗൺ അംഗീകൃതമാണെന്നും നിയമപരമായ സുരക്ഷാ സൗകര്യങ്ങൾ ടി ഗ്യാസ് ഗോഡൗണിന് ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പ് വരുത്തിയിരിക്കണം.
5. കെ.എം.ബി.ആർ 2019 ചട്ടം 79(7) പ്രകാരം ഖര-ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങളും, ടി നിർമ്മാണത്തിന്റെ ഉപയോഗം മൂലമുണ്ടാകുന്ന മലിന ജലം ശുദ്ധീകരിച്ച് പൂർണ്ണമായും പുനരുപയോഗിക്കുന്നതിനാവശ്യമായ ശുചീകരണ വിതരണ സംവിധാനവും നൽകിയിരിക്കണം.
6. കെ.എം.ബി.ആർ ചട്ടം 5(4) പ്രകാരം ഫയർ എൻ.ഒ.സി ലഭ്യമാക്കിയിരിക്കണം.
7. ചട്ടം 42 പ്രകാരം ഭിന്നശേഷിയുള്ളവർ/വയോജനങ്ങൾ/കുട്ടികൾ എന്നിവർക്ക് വേണ്ട സൗകര്യങ്ങൾ നൽകിയിരിക്കണം.
8. സൈറ്റ് പ്ലാനിൽ പൊളിച്ച് മാറ്റുന്നതായി കാണിച്ചിരിക്കുന്ന കെട്ടിട ഭാഗങ്ങൾ പൊളിച്ച് മാറ്റിയിരിക്കണം.

കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ ലേ-ഔട്ട്/നിർമ്മാണ/വികസന അനുമതി/ക്രമവൽക്കരണ ഉത്തരവ് അതത് തദ്ദേശ സ്വയം ഭരണ പ്ലാനിംഗ് കാര്യാലയം/തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണത്തിന് ഒക്യുപൻസി നൽകുവാൻ പാടുള്ളൂ.

**ചീഫ് ടൗൺ പ്ലാനറുടെ ഉത്തരവിൻ പ്രകാരം**

Signature valid
Digitally signed by RAJEEVAN PITTAN
Date: 2021.07.[illegible] 14:51:57 IST
Reason: Approved

ഉള്ളടക്കം- ഒരു സൈറ്റ് പ്ലാൻ

**രാജീവൻ പിട്ടൻ**
**ടൗൺ പ്ലാനർ**

ടൗൺ പ്ലാനർ, കൊല്ലം

പകർപ്പ്:-

1. ശ്രീ. രാമചന്ദ്രൻ നായർ, മന്നംമെമ്മോറിയൽ ചാരിറ്റബിൾ സൊസൈറ്റി തെക്കേവിള പി.ഒ, കൊല്ലം
2. സെക്രട്ടറി, കൊല്ലം നഗരസഭ
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം

46186